Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

8.4.2016

All Kerala Press Release
*Ref: 526/KCBC/K-6/KPR/DS*

# മദ്യനയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എൽഡിഎഫ് നിലപാടു വ്യക്തമാക്കണം

കൊച്ചി: എൽഡിഎഫ് നേതാക്കൾ മുന്നോട്ടുവച്ചിട്ടുള്ള മദ്യനയത്തിലെ അവ്യക്തത എൽഡിഎഫിന്റെ ജനപിന്തുണയെ ദോഷകരമായി ബാധിക്കും. ഈ അവ്യക്തത ബോധപൂർവം സൃഷ്ടിച്ചിട്ടുള്ളതാണ്. ഇത് മദ്യലോബിയെ സഹായിക്കാനും നിലവിലുള്ള മദ്യനയം അട്ടിമറിക്കാനും ഉദ്ദേശിച്ചുള്ളതാണ് എന്നുവേണം കരുതാൻ. എൽഡിഎഫ് നേതാക്കൾ പറയുന്ന രീതിയിൽ മദ്യവർജനം പ്രോത്സാഹിപ്പിച്ചുകൊണ്ടു മാത്രം മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ സാധ്യമല്ല. നിയമനിർമ്മാണത്തിലൂടെയും ഫലപ്രദമായ മദ്യനിയന്ത്രണ നയപരിപാടികളിലൂടെയും മദ്യലഭ്യത പടിപടിയായി കുറച്ചുകൊണ്ടുവരാൻ അധികാരത്തിൽ വന്നാൽ തയ്യാറാകുമോ എന്നാണ് എൽഡിഎഫ് വ്യക്തമാക്കേണ്ടത്. മദ്യലഭ്യത വർധിപ്പിക്കുന്ന നടപടികൾ എൽഡിഎഫിന്റെ ഭാഗത്തുനിന്നുണ്ടാവില്ല എന്നുറപ്പു നല്കാൻ നേതാക്കൾ തയ്യാറാണോ? ആണെങ്കിൽ ഇതു തുറന്നു പറയുകയും തെരഞ്ഞെടുപ്പ് നയരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. മദ്യലോബികൾക്കു പ്രതീക്ഷ നല്കുന്ന നിലപാടും പ്രസ്താവനകളുമാണ് ഇപ്പോൾ എൽഡിഎഫ് നേതാക്കൾ നടത്തുന്നത്. ഇത് എൽഡിഎഫ് അധികാരത്തിൽ വന്നാൽ സർക്കാരിനുമേൽ പിടിമുറുക്കാൻ മദ്യലോബിയെ സഹായിക്കും.

കൂടാതെ, 2011 മുതൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന മൂവായിരത്തിലധികം എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിന് ഹൈക്കോടതി വിധി പ്രകാരമുള്ള അംഗീകാരം നല്കാൻ നടപടികൾ സ്വീകരിക്കുമോ? അനധികൃത ഭൂമി ഇടപാടുകളിലൂടെ ഭൂമാഫിയയെ സഹായിക്കുകയും കൃഷിക്കാരന് പട്ടയം നിഷേധിക്കുകയും ചെയ്യുന്ന നിലപാട് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? സംസ്ഥാനത്തു പ്രവർത്തിക്കുന്ന മൂവായിരത്തോളം അനധികൃത ക്വാറികളുടെ പ്രവർത്തനം നിയമാനുസൃതം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന ക്രിസ്ത്യൻ നാടാർ, ദളിത് ക്രിസ്ത്യൻ വിഭാഗങ്ങളുടെ സമുദ്ധാരണത്തിനായി എൽഡിഎഫ് അധികാരത്തിൽ വന്നാൽ നടപടി സ്വീകരിക്കുമോ എന്നീ കാര്യങ്ങളും വ്യക്തമാക്കണം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.